**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 396** **10-02-2025-ൽ മറുപടിയ്ക്ക്**

**<u>ഘടക പദ്ധതി തുകയിലെ കുറവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. സണ്ണി ജോസഫ് (മുഖ്യമന്ത്രി)

**(എ)** സാമ്പത്തിക പ്രതിസന്ധി മൂലം 2024-25 ലെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ളവ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന സർക്കാർ ഉത്തരവിനെ തുടർന്ന് എസ്.സി.പി/ടി.എസ്.പി. ഘടക പദ്ധതിയിൽ എത്ര രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പട്ടിക ജാതി വിഭാഗത്തിന്റെ ജനസംഖ്യയ്ക്ക് ആനുപാതികമായി പട്ടിക ജാതി വിഭാഗത്തിന്റെ വികസന ലക്ഷ്യം വച്ച് കൊണ്ട് സംസ്ഥാന ബഡ്ജറ്റിൽ സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ വകയിരുത്തിയ ആകെ തുകയായ 2979.40 കോടി രൂപയുടെ 55 ശതമാനം തുകയായ 1638.10 കോടി രൂപ പട്ടിക ജാതി വികസന വകുപ്പിനും 45 ശതമാനം തുകയായ 1341 കോടി രൂപ തദ്ദേശ സ്വയംഭരണ വകുപ്പിനുമാണ് വകയിരുത്തിയിരിക്കുന്നത്. പട്ടിക ജാതി വികസന വകുപ്പിന് വകയിരുത്തിയ 1638.10 കോടി രൂപയിൽ വകുപ്പ് വഴി 1607.18 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

2024-25 സാമ്പത്തിക വർഷം പ്ലാൻ പ്രൈയോറിറ്റൈസേഷന് ശേഷം 1262.25 കോടി രൂപയാണ് (ചട്ടം 300. അഡീഷണൽ ഓതറൈസേഷൻ ഉൾപ്പെടെ) വകുപ്പിന് വകയിരുത്തിയിട്ടുള്ളത്. അതിനാൽ പ്ലാൻ പ്രൈയോറിറ്റൈസേഷൻ പ്രകാരം ആകെ 344.93 കോടി രൂപയുടെ കുറവ് മാത്രമാണ് പട്ടിക ജാതി വികസന വകുപ്പിന് വന്നിട്ടുള്ളത്.

പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പട്ടിക വർഗ്ഗ ഉപ-പദ്ധതിയിൽ 2024-25 വർഷത്തെ ആകെ പദ്ധതി അടങ്കൽ തുകയായ 65400.05 ലക്ഷം രൂപയിൽ നിന്നും 11176 ലക്ഷം രൂപ 27 പദ്ധതികളിലായി കുറവ് വരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**